Ref: 3011/K-5/KCBC/OL/DS 28.4.2017

# ഫാത്തിമ ശതാബ്ദി വർഷാചരണത്തോടനുബന്ധിച്ച് കെസിബിസിക്കുവേണ്ടി കേരള കാത്തലിക് കരിസ്മാറ്റിക് കമ്മീഷൻ പുറപ്പെടുവിക്കുന്ന സർക്കുലർ

**മിശിഹായിൽ പ്രിയ സഹോദരീസഹോദരന്മാരേ,**

2016 നവംബർമുതൽ 2017 നവംബർവരെ പരിശുദ്ധപിതാവ് ഫ്രാൻസിസ് മാർപാപ്പ ഫാത്തിമ ശതാബ്ദി ആഘോഷങ്ങൾക്ക് ആഹ്വാനംചെയ്തിരിക്കുകയാണ്. 1917 മെയ് 13-ാം തിയതിമുതൽ ഒക്ടോബർ 13-ാം തിയതിവരെ എല്ലാ മാസങ്ങളിലെയും 13-ാം തിയതികളിലാണ് പരിശുദ്ധമാതാവ് ഫാത്തിമയിലെ ലൂസി, ജെസീന്ത, ഫ്രാൻസിസ് എന്നീ മൂന്ന് ഇടയക്കുട്ടികൾക്ക് പ്രത്യക്ഷപ്പെട്ട് സന്ദേശങ്ങൾ നല്കിയത്. ഫാത്തിമയിലെ ദർശനങ്ങൾക്ക് തുടക്കം കുറിച്ച മെയ് 13-ാം തിയതി പരിശുദ്ധ പിതാവ് ഫാത്തിമയിൽ എത്തി ഫാത്തിമ ശതാബ്ദി ആഘോഷങ്ങൾക്ക് ഔദ്യോഗമായി തുടക്കംകുറിക്കുകയുമാണ്. ഇതുവഴി ഫാത്തിമയിൽ മാതാവ് നല്കിയ സന്ദേശങ്ങൾക്ക് ഇന്നും പ്രസക്തിയുണ്ടെന്ന് ഫ്രാൻസിസ് മാർപാപ്പ സഭാമക്കളെ ബോധ്യപ്പെടുത്തുകയും ഈ സന്ദേശങ്ങൾ ഉൾക്കൊണ്ടുകൊണ്ട് ജീവിക്കാൻ ആഹ്വാനം ചെയ്യുകയുമാണ്.

ഈ പശ്ചാത്തലത്തിൽ കേരളസഭയുടെ മക്കളായ നമുക്ക് ഏതെല്ലാം തരത്തിൽ ഈ ശതാബ്ദിയാചരണം നടത്താം എന്നതിലേക്ക് നിങ്ങളേവരുടെയും ശ്രദ്ധക്ഷണിക്കുകയാണ് ഈ സർക്കുലറിന്റെ ലക്ഷ്യം. കേരള കത്തോലിക്കരായ നമ്മളെല്ലാവരും ഏറെ മരിയഭക്തി ഉള്ളവരാണ്. 1917-ൽ ഫാത്തിമയിൽ മാതാവ് പ്രത്യക്ഷപ്പെട്ടു നല്കിയ സന്ദേശങ്ങൾ ആഗോളതലത്തിലെന്നപോലെതന്നെ കേരളത്തിലും വളരെ ആഴമായ സ്വാധീനം ചെലുത്തി. ജപമാല ഭക്തിയിൽ വളരാനും, പാപികളുടെ മാനസാന്തരത്തിനായും, ശുദ്ധീകരണത്മാക്കളുടെ മോചനത്തിനായും പ്രാർത്ഥിക്കാനും പരിഹാരമനുഷ്ഠിക്കാനും ഫാത്തിമസന്ദേശങ്ങൾ വിശ്വാസികളെ വളരെയേറെ പ്രചോദിപ്പിച്ചു. എല്ലാറ്റിനുമുപരി മാതൃഭക്തിയിൽ വളരാനും, അമ്മയുടെ മാതൃകയനുസരിച്ച് വിശുദ്ധിയിൽ ജിവിക്കാനും അനുദിനം ജപമാല ചൊല്ലി പ്രാർത്ഥിക്കാനും ഫാത്തിമ സന്ദേശങ്ങൾ സഹായകമായി. ഫാത്തിമ മാതാവിനോടുള്ള കേരളസഭാമക്കളുടെ സ്നേഹവും ആദരവുമാണ് 1949-ലും 2003-ലും പരിശുദ്ധ ഫാത്തിമ മാതാവിന്റെ തീർത്ഥാടക രൂപം കേരളത്തിലെത്തിയപ്പോൾ വിശ്വാസികൾ പ്രകടിപ്പിച്ചത്.

കേരളസഭ ഇന്ന് ഫാത്തിമ ശതാബ്ദി ആഘോഷങ്ങൾക്ക് ഒരുങ്ങുമ്പോൾ പ്രധാനമായും ലക്ഷ്യംവയ്ക്കുന്നത് നാല് കാര്യങ്ങളാണ്. 1. കേരള കത്തോലിക്കാസഭയിലെ വിശ്വാസികൾക്ക് മരിയൻഭക്തിയിൽ കൂടുതൽ വളരാനും ആഴപ്പെടാനും അവസരമൊരുക്കുക. 2. ഫാത്തിമയിൽ മാതാവ് പ്രത്യക്ഷപ്പെട്ടു നല്കിയ സന്ദേശങ്ങൾ ഇന്നത്തെ തലമുറയ്ക്ക് പകർന്നു നല്കാൻ അവസരം ഒരുക്കുക. 3. സഭയിലും സഭാമക്കളുടെ വിശ്വാസജീവിതത്തിലും പരിശുദ്ധമറിയത്തിനുള്ള പ്രസക്തിയും പ്രാധാന്യവും കൂടുതൽ ഉറപ്പിക്കാനും ബോധ്യപ്പെടുത്താനും സഹായിക്കുക. 4. മാതാവിന്റെ മഹത്ത്വവും മഹിമയും അറിഞ്ഞ് അമ്മയുടെ മാതൃക അനുകരിച്ച് ധന്യമായ ജീവിതം നയിക്കാനും അമ്മയുടെ മാദ്ധ്യസ്ഥ്യം തേടി ആത്മീയ ശക്തി പ്രാപിക്കാനും സഭാ മക്കളെ പ്രോത്സാഹിപ്പിക്കുക.

കേരള കത്തോലിക്കാമെത്രാൻസമിതിയുടെ മേല്നോട്ടത്തിൽ ഫാത്തിമ ശതാബ്ദി പരിപാടികളുടെ ആസൂത്രണത്തിനും നടത്തിപ്പിനും നേതൃത്വംനല്കുന്നത് കേരള കരിസ്മാറ്റിക് കമ്മീഷന്റെ ആഭിമുഖ്യത്തിൽ എമ്മാവൂസിൽ രൂപീകരിച്ചിട്ടുള്ള ഫാത്തിമ സെന്റിനറി സെലിബ്രേഷൻ കമ്മറ്റിയായിരിക്കും. ഈ കമ്മിറ്റിയുടെ നിർദ്ദേശപ്രകാരം കേരളത്തിലെ 24 സോണുകളിലും ഓരോ രൂപതയുടെയും പങ്കാളിത്തം ഉറപ്പാക്കിക്കൊണ്ട് സോണൽ എഫ്.സി.സി.സി. രൂപീകരിക്കുകയും അഭിവന്ദ്യ പിതാക്കന്മാരുടെ അനുമതിയോടെയും ആശീർവാദത്തോടെയും സോണൽ പ്രവർത്തനങ്ങൾക്ക് നേതൃത്വം നല്കുകയും ചെയ്യണം. അങ്ങനെ കേരളസഭയിൽ ആകമാനം ഈ ശതാബ്ദിയാചരണം ആത്മീയമായ ഉണർവ്വിന്റെ അവസരമാകട്ടെ എന്നും പ്രത്യാശിക്കുന്നു.

ഫാത്തിമ വർഷാചരണത്തിൽ കേരള സഭയിൽ പൊതുവായി ചെയ്യാവുന്ന കാര്യങ്ങളിൽ ചിലത് നിങ്ങളേവരുടെയും ശ്രദ്ധയ്ക്കായി ഓർമ്മപ്പെടുത്തുന്നു.

1. 1917-ൽ ഫാത്തിമാ ദർശനം ആരംഭിച്ച മേയ് 13-ാം തിയതി എല്ലാ സോണുകളിലെയും പ്രവർത്തനാംഗങ്ങൾ ആ സോണിലെ ഏതെങ്കിലും ഒരു മരിയൻ തീർത്ഥാടനകേന്ദ്രത്തിൽ ഒന്നിച്ചുകൂടി മരിയൻ പ്രാർത്ഥനാദിനമായി ആചരിക്കുക.

2. മേയ് 14-ാം തിയതി കേരളത്തിലെ എല്ലാ ദേവാലയങ്ങളിലും ഫാത്തിമാമാതാവിന്റെ രൂപം/ഛായാപടം പ്രതിഷ്ഠിച്ച്, ജൂബിലി തിരി തെളിച്ച് ഫാത്തിമ ശതാബ്ദി ആഘോഷങ്ങൾക്ക് തുടക്കം കുറിക്കുക. അല്ലെങ്കിൽ വിശുദ്ധ കുർബ്ബാന കഴിഞ്ഞ് ഫാത്തിമ മാതാവിന്റെ ചിത്രമുള്ള പതാക ഉയർത്തി ശതാബ്ദി ഉദ്ഘാടനം ചെയ്യുക. ഇടവകയിലെ മരിയൻ സംഘടനാകൾക്കോ പ്രാർത്ഥനാഗ്രൂപ്പുകൾക്കോ ഇതിനു വേണ്ട ക്രമീകരണങ്ങൾക്ക് നേതൃത്വം നല്കാവുന്നതാണ്.

3. എല്ലാ സോണുകളിലെയും ഏതെങ്കിലും മരിയൻ തീർത്ഥാടനകേന്ദത്തിൽവച്ച് മാസത്തിന്റെ 13-ാം തിയതിയോ ആദ്യ ശനിയാഴ്ചയോ ഏകദിന മരിയൻ കൺവെൻഷൻ നടത്തണം. പ്രസ്തുത കൺവെൻഷനിൽ മാതാവിന്റെ ഛായാപടമോ രൂപമോ പ്രതിഷ്ഠിക്കുകയും വിമലഹൃദയ പ്രതിഷ്ഠ നടത്തുകയും വേണം. ഒപ്പം, മരിയൻ പ്രഭാഷണങ്ങൾ, ദിവ്യബലി, മരിയൻ എക്സിബിഷൻ, മരിയൻ സന്ദേശങ്ങൾ അടങ്ങിയ ലീഫ്‌ലെറ്റുകളുടെയും പുസ്തകങ്ങളുടെയും വിതരണം എന്നിവ ക്രമീകരിക്കാവുന്നതാണ്.

4. ഫാത്തിമ ശതാബ്ദിയാചരണത്തോടനുബന്ധിച്ച് പരിശുദ്ധ പിതാവ് പ്രഖ്യാപിച്ചിട്ടുള്ള പൂർണ്ണ ദണ്ഡവിമോചനം 2017 മേയ് 13 മുതൽ ഒക്ടോബർ 13 വരെയുള്ള കാലയളവിൽ പ്രാദേശിക സഭയിൽ പൊതുവണക്കത്തിനായി പ്രതിഷ്ഠിച്ചിട്ടുള്ള ഫാത്തിമ മാതാവിന്റെ തിരുസ്വരൂപം വണങ്ങി മാതാവിന്റെ വിമല ഹൃദയത്തോടുള്ള പ്രതിഷ്ഠാജപം ചൊല്ലി പ്രാർത്ഥിക്കുന്നവർക്കു ലഭിക്കുന്നതാണ്. കൂടാതെ, ഈ കാലയളവിൽ കൂടുതലായി ജപമാല ചൊല്ലി പാപികളുടെ മാനസാന്തരത്തിനും ശുദ്ധീകരണാത്മാക്കളുടെ മോചനത്തിനുംവേണ്ടി പ്രാർത്ഥിക്കുന്നത് അനുഗ്രഹപ്രദമായിരിക്കും.

5. 2017 ആഗസ്റ്റ് 12 മുതൽ 15 വരെ ഇരിങ്ങാലക്കുട രൂപതയിലെ ആളൂരിൽ വച്ചു നടക്കുന്ന അന്തർദേശീയ മലയാളി കരിസ്മാറ്റിക് സംഗമത്തിൽ നിന്നാരംഭിച്ച് കേരളത്തിലെ 24 സോണുകളിലെയും പ്രധാന മരിയൻ ദൈവാലയങ്ങളിലൂടെ കട

ന്നുപോകുന്ന തിരുസ്വരൂപപ്രയാണത്തിന്റെ വിജയത്തിനായി എല്ലാവരും സഹകരിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യണം. ഈ പ്രയാണം ഒക്ടോബർ 28-ാം തിയതി കൊച്ചിയിലെ വല്ലാർപാടം ബസിലിക്കയിൽ എത്തിച്ചേരുകയും അവിടെ വച്ച് നടത്തപ്പെടുന്ന ഏകദിന മരിയൻ കൺവെൻഷനോടുകൂടി കേരളസഭയുടെ ഫാത്തിമ ശതാബ്ദിയാചരണം ഔദ്യോഗികമായി സമാപിക്കുകയും ചെയ്യും.

ഈ ആഘോഷങ്ങൾ വഴി നമ്മുടെ സ്വർഗ്ഗീയ അമ്മയെ നമുക്ക് ഏറ്റുപറയാം, ആദരിക്കാം. അമ്മയുടെ മാദ്ധ്യസ്ഥ്യം വഴി അനുഗ്രഹങ്ങൾ പ്രാപിക്കാം. എല്ലാറ്റിനുമുപരി ആദിമസഭയിൽ ശ്ലീഹന്മാരെ ഒരുമിച്ചുനിർത്തിയ പരിശുദ്ധ അമ്മയുടെ മദ്ധ്യസ്ഥതയുടെ കരവലയത്തിൽ കേരളസഭയിലെ മക്കളായ നമുക്ക് ഫാത്തിമ ശതാബ്ദിയാചരണത്തിനായി ഒന്നുചേരാം. പലവിധ പ്രശ്നങ്ങളാൽ അസ്വസ്ഥമായിരിക്കുന്ന ലോകത്തിൽ ദൈവിക സമാധാനം സ്ഥാപിതമാക്കാൻ മാതാവിന്റെ സന്ദേശങ്ങളും മദ്ധ്യസ്ഥതയും നമ്മെ എല്ലാവരെയും പ്രചോദിപ്പിക്കട്ടെ!

കർത്താവിൽ സ്നേഹപൂർവ്വം,

**ബിഷപ്പ് മാർ ഐറേനിയോസ്**
ചെയർമാൻ, കെസിബിസി കരിസ്മാറ്റിക് കമ്മീഷൻ

**ബിഷപ്പ് വർഗ്ഗീസ് ചക്കാലയ്ക്കൽ**
വൈസ് ചെയർമാൻ, കെസിബിസി കരിസ്മാറ്റിക് കമ്മീഷൻ

**ബിഷപ്പ് ജോസ് പുളിക്കൽ**
വൈസ് ചെയർമാൻ, കെസിബിസി കരിസ്മാറ്റിക് കമ്മീഷൻ

പി.ഒ.സി., കേരള കത്തോലിക്കാസഭയുടെ ആസ്ഥാനകാര്യാലയം
കൊച്ചി - 682025